'ഭരണഭാഷ മാതൃഭാഷ'

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, Phone:0487-2360810,
Email:ddetsr.dge@kerala.gov.in
Website : www.ddethrissur.org

71

---

നം:ജെ2/14694/2019/statistics

തീയ്യതി: 1/1/2020

പ്രേഷകൻ
വിദ്യാഭ്യാസ ഉപ ഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്
ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം:വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ വിവരങ്ങൾ മാസം തോറും ശേഖരിക്കുന്നത്-ഡിസംബർ മാസത്തെ റിപ്പോർട്ട് സംബന്ധിച്ച്.

സൂചന:-1)എസ്2(എ) 26916/2019/ഡിജിഇ തീയതി 18/7/19.
2) 2/8/19, 17/10/19, 10/12/19 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ

*******

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പൊതു വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ എണ്ണം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൊഴിഞ്ഞു പോകുന്ന കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ മാസം തോറും ശേഖരിക്കുന്ന നടപടികളുടെ ഭാഗമായി ഓരോ മാസവും 15-ാം തീയതിക്കു മുമ്പായി തന്നെ മുൻമാസത്തെ ഡ്രോപ്ഔട്ട് റിപ്പോർട്ട്, ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന വിവരം ഓർമയിൽപെടുത്തട്ടെ.

ഇത്തരത്തിൽ ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ റിപ്പോർട്ടുകൾ ഡിജിഇ യ്ക്ക് സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മാസങ്ങളിൽ കൊഴിഞ്ഞു പോയതായി റിപ്പോർട്ട് ചെയ്യപ്പെട്ട കുട്ടികൾ പിന്നീട് സ്കൂളിൽ വന്നു ചേർന്നിട്ടുണ്ടെങ്കിൽ ആ കുട്ടികളുടെ വിവരങ്ങൾ കൃത്യമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇടയ്ക്കിടെ തുടർച്ചയായി സ്കൂളിൽ Absent ആകുന്ന പ്രവണത കണ്ടു വരുന്ന കുട്ടികളുണ്ടെങ്കിൽ അത്തരം കുട്ടികളെ കൂടി ഈ ലിസ്റ്റിൽ പെടുത്തി അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

(ഒപ്പ്)
വിദ്യാഭ്യാസ ഉപ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ് ഉത്തരവ് നം. എ1-71/2020 എൽ. ഡിസ് തീയ്യതി 1/1/2020 ഡി.ഇ.ഓഫീസർ ... കൾക്ക് അറിവിലേക്കും ഉടൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി നൽകുന്നു.
സ്വീകർത്താവ്:- എല്ലാ എയ്ഡഡ്/ഗവ: പ്രധാനഅദ്ധ്യാപകർക്ക്

ഓഫീസർ.

Scanned by CamScanner